**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1168** **12-06-2024 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ; | (എ) | മുൻ സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ ഉൾനാടൻ മത്സ്യ കൃഷിയ്ക്കായി 102.61 കോടി രൂപ വകയിരുത്തിയിരുന്നു. ജനകീയ മത്സ്യകൃഷി, മത്സ്യ വിത്ത്ഫാമുകളുടെയും ഹാച്ചറികളുടെയും പ്രവർത്തനങ്ങൾ, മത്സ്യ വിഭവ സംരക്ഷണവും പരിപാലനവും ജലാശയ വിഭവങ്ങളുടെ ആരോഗ്യ മേൽനോട്ടവും നിർവ്വഹണവും ജല സംഭരണികളിലെ മത്സ്യ കൃഷി, ജലകൃഷി വിപുലീകരണം എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്. മത്സ്യ കൃഷി രീതികളിലും മത്സ്യ ഇനങ്ങളിലുമുള്ള വൈവിധ്യവൽക്കരണം മുൻനിർത്തിയാണ് പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. മത്സ്യ കൃഷിയുമായി ബന്ധപ്പെട്ട് കർഷകർക്ക് സാങ്കേതിക പരിശീലനവും മത്സ്യവിത്ത്, മത്സ്യത്തീറ്റ എന്നിവയ്ക്കുമായി സബ്സിഡി നൽകുന്നു. 2023-25 കാലയളവിൽ നടപ്പിലാക്കുന്നതിനായി 71.2558 കോടി രൂപ അടങ്കൽ തുകയുടെ ജനകീയ മൽസ്യകൃഷി പദ്ധതിക്ക് അംഗീകാരം നൽകുകയും അതിൻപ്രകാരം പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ആയതിലേക്ക് 41.02 കോടി രൂപ ചെലവഴിച്ചിടട്ടുണ്ട്. 9704.86 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷിയും 2100യൂണിറ്റ് കൂട്ടുകൃഷി, 241 എണ്ണം റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, 3475 എണ്ണം പടുതാക്കുളത്തിലെ മത്സ്യകൃഷി എന്നിവ നടപ്പിലാക്കി. തോടുകൾ, കനാലുകൾ, കൈവഴികൾ, അരുവികൾ, തുടങ്ങി മത്സ്യകൃഷിയ്ക്ക് അനുയോജ്യമായതും നിലവിൽ ഉപയുക്തമാക്കാത്തതുമായ പൊതുജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുകയും അത് വഴി മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുകയും മത്സ്യകർഷകർക്കും തൊഴിലാളികൾക്കും സുസ്ഥിര വരുമാനം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഇത്തരം ജലാശയങ്ങളിൽ വല വളപ്പുകൾ നിർമ്മിച്ചും പരിസ്ഥിതി സൗഹൃദ രീതിയിൽ താൽക്കാലിക |

ചിറകൾ (തടയണകൾ) കെട്ടിയും തദ്ദേശീയ മൽസ്യവിത്തുകൾ നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ വളർത്തിയെടുക്കുന്നതിന് എംബാങ്ക്മെന്റ് പദ്ധതി നടപ്പാക്കി വരുന്നു. ആയതിലേക്ക് ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 492 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 25 ഹെക്ടർ ജലാശയത്തിലും 35 വലവളപ്പുകളിലും മത്സ്യകൃഷി നടത്തിയിട്ടുണ്ട്.

ഗുണമേന്മയുള്ള നല്ലയിനം മത്സ്യ വിത്തുകളുടെ ഉൽപ്പാദനത്തിനും ആയത് മത്സ്യകർഷകർക്ക് ലഭ്യമാക്കുന്നതിനുമായി ഫിഷറീസ് വകുപ്പ്, അഡാക്ക്, മത്സ്യഫെഡ് എന്നിവയുടെ കീഴിലുള്ള ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും 1339.78 ലക്ഷം മത്സ്യ/ചെമ്മീൻ വിത്തുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു. സംസ്ഥാനത്ത് പിന്നാമ്പുറങ്ങളിലെ കരിമീൻ മത്സ്യവിത്തുൽപ്പാദന യൂണിറ്റുകളും വരാൽ മത്സ്യവിത്തുൽപ്പാദന യൂണിറ്റുകളും സ്ഥാപിക്കുന്നതിന് 475 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് 539 യൂണിറ്റുകൾ പൂർത്തീകരിക്കുകയും 97.51 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുകയും ചെയ്തു. മത്സ്യ കർഷകർക്കായി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഗുണമേന്മയുള്ള കല്ലുമ്മേക്കായയുടെയും സമുദ്ര മത്സ്യങ്ങളുടെയും വിത്തുൽപ്പാദനത്തിനായി 50 ലക്ഷം ഉൽപ്പാദന ശേഷിയുള്ള വിത്തുൽപ്പാദന കേന്ദ്രം സ്ഥാപിക്കുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തികൾ പൂർത്തീകരണ ഘട്ടത്തിലും ആണ്. ഇടുക്കി ജില്ലയിലെ ചെങ്കുളത്ത് ഒരു മൾട്ടി സ്പീഷീസ് ഫിഷ് സീഡ് ഫാം സ്ഥാപിക്കുന്നതിനായി 654.95 ലക്ഷം രൂപയുടെ അനുമതി നൽകുകയും നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുമുണ്ട്. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും 2023-24 വർഷം 370 ലക്ഷം രൂപയുടെ ഇന്റഗ്രേറ്റഡ് ഫിഷറി റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാൻഡ് അക്വാട്ടിക് ഇക്കോ സിസ്റ്റം എന്ന പദ്ധതി പ്രകാരം 148.25 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ വാമനപുരം, വേമ്പനാട്, അഷ്ടമുടി, കുറ്റ്യാടി, കടലുണ്ടി, ചേറ്റുവ, അഞ്ചരക്കണ്ടി കായലുകളിൽ നിക്ഷേപിച്ചു. 200 ലക്ഷം രൂപയുടെ റിസർവോയർ പദ്ധതിയുടെ ഭാഗമായി മണിയാർ, പമ്പ, പൊന്മുടി മാട്ടുപ്പെട്ടി, ഇരട്ടയാർ, ആനയിറങ്ങൽ, മീങ്കര, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, പഴശ്ശി, പെരിങ്ങൽകുത്ത്, ഷോളയാർ (ലോവർ) എന്നീ റിസർവോയറുകളിൽ 4514.10 ഹെക്ടർ പ്രദേശത്ത് 80.05 ലക്ഷം എണ്ണം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു.

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഭാഗമായി വേമ്പനാട് കായലിൽ 20 മത്സ്യ സംരക്ഷണ കേന്ദ്രങ്ങളും 17 കക്കസംരക്ഷണ കേന്ദ്രങ്ങളും സ്ഥാപിച്ച് സംരക്ഷിച്ച് വരുന്നു.<br><br>പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതി പ്രകാരം 2020-21 വർഷത്തിൽ 53.925 കോടി, 2021-22 ൽ 78.90 കോടി, 2022-23 ൽ 32.84 കോടി, 2023-24 ൽ 51.445 കോടി രൂപ അടങ്കൽ തുകയുടെ ഉൾനാടൻ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ ഓരുജലകൃഷി, അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, ബയോഫ്ലോക്ക്, ആർ.എ.എസ് തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുന്നു. 614 ആർ.എ.എസ്, 744 ബയോഫ്ലോക്ക്, 640 കല്ലുമ്മക്കായ യൂണിറ്റുകൾ, 706 അലങ്കാര മത്സ്യകൃഷി യൂണിറ്റ്, 664 ഓരുജല കൂട്കൃഷി, 176.9ഹെക്ടർ പ്രദേശത്ത് ഓരുജലകൃഷി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഉൾനാടൻ മത്സ്യകൃഷിയിൽ ഉപ്പുവെള്ളം കയറൽ, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന മത്സ്യകൃഷി നാശനഷ്ടങ്ങൾക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫണ്ട് (SDRF) ൽ നിന്നും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കാറുണ്ട്.<br><br>ഇൻഷുറൻസ് പദ്ധതി നിലവിൽ ഇല്ലാത്തതിനാൽ മത്സ്യകൃഷി നാശം സംഭവിക്കുന്ന കർഷകർക്ക് വകുപ്പ് മുഖേന നടത്തി വരുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി സഹായങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ